**പ്രസിദ്ധീകരണത്തിന്**

എൻ.എസ്.എസ്. ശബരിമലവിഷയത്തിൽ കേസ് നടത്തി തോറ്റെന്നും, കേസ് തോറ്റപ്പോൾ ജനങ്ങളെ അണിനിരത്തി സർക്കാരിനാണ് കുഴപ്പമെന്നു പറയുന്നു എന്നുമുള്ള ആരോപണവുമായി സി.പി.ഐ. സംസ്ഥാനസെക്രട്ടറി കാനം രാജേന്ദ്രൻ ഇപ്പോൾ രംഗത്തുവന്ന് സർക്കാരിനെ രക്ഷിക്കാനുള്ള പാഴ്ശ്രമം നടത്തിയിരിക്കുകയാണ്. അതേസമയംതന്നെ, കേസിന്റെ അന്തിമവിധി വരുന്നതുവരെ എൻ.എസ്.എസ്. കാത്തിരിക്കണമെന്നും അദ്ദേഹം പറയുന്നുണ്ട്. കേസ് നിലവിലുണ്ട് എന്ന കാര്യം അദ്ദേഹത്തിന്റെ ഈ പ്രസ്താവന തന്നെ വ്യക്തമാക്കുന്നു.

സുപ്രീംകോടതിയിൽ ശബരിമലകേസിന്റെ ഉത്ഭവം 2006-ൽ ആണ്. 2008-ൽ എൻ.എസ്.എസ്. അതിൽ കക്ഷിചേർന്നു. ഏതു പ്രായത്തിലുമുള്ള സ്ത്രീകൾക്കും ശബരിമലയിൽ പ്രവേശനം അനുവദിക്കണമെന്ന് 28.9.2018-ൽ വിധി ഉണ്ടായി. ഈ വിധിക്കെതിരെ നായർ സർവീസ് സൊസൈറ്റി 8.10.2018-ൽ ഭരണഘടനാബഞ്ച് മുമ്പാകെ റിവ്യൂ ഹർജി ഫയൽ ചെയ്തു. അതനുസരിച്ച് റിവ്യൂ ഹർജികളിന്മേൽ 2019 ജനുവരി 22-ന് തുറന്ന കോടതിയിൽ വാദംകേൾക്കാൻ അഞ്ചംഗബഞ്ച് തീരുമാനിച്ചു. വിധിയിൽ ചില അപാകതകൾ ഉണ്ടെന്നു ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ഭരണഘടനാബഞ്ച്, കേസ് ഒൻപതംഗ വിശാലബഞ്ചിന്റെ പരിഗണനയ്ക്കു വിടുകയാണുണ്ടായത്. കേസ് ഇപ്പോഴും സുപ്രീംകോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ.

കോടതിവിധി നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ് എന്ന് പറഞ്ഞിരുന്ന മുഖ്യമന്ത്രി ഇപ്പോൾ പറയുന്നത് ശബരിമലകേസിൽ അന്തിമവിധി വരുമ്പോൾ വിശ്വാസികൾക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് ഉണ്ടായാൽ എല്ലാവരുമായും ആലോചിച്ചശേഷം മാത്രമേ വിധി നടപ്പാക്കൂ എന്നാണ്. എന്നാൽ ഇക്കാര്യത്തിൽ അവരുടെ ദേശീയ ജനറൽ സെക്രട്ടറിയുടെ കഴിഞ്ഞ ദിവസത്തെ പ്രസ്താവന ഇതിനു വിരുദ്ധമല്ലേ?

നിലപാടുകളിലെ ഈ മാറ്റം വിശ്വാസികളെ വെറും വിഡ്ഢികളാക്കുന്നതിനു വേണ്ടി മാത്രമാണ്.

പെരുന്ന
18.3.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി